പുതിയ ക്ലാസ്സുകൾക്കു് സഹായധനം

*൪൧൪. (൯൪) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

പുതുതായി തുറന്നിട്ടുള്ള അഞ്ചാം ക്ലാസ്സിനു് ഗ്രാൻറ് കൊടുക്കാൻ താമസം നേരിടുന്നതെന്താണു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഗ്രാൻറു കൊടുക്കുന്ന കാര്യം ഗവൺമെണ്ടിന്റെ ആലോചനയിലിരിക്കുകയാണു്.

അദ്ധ്യാപക ശമ്പളസമീകരണം

*൪൧൫. (൯൫) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ-കൊച്ചിയിലെ അദ്ധ്യാപകശമ്പളസമീകരണം എന്നു നടപ്പിൽ വരുത്തും?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടു് പുനഃസംഘടന പൂർത്തിയാകുന്നതോടുകൂടി തിരുവിതാംകൂർ–കൊച്ചിയിലെ അദ്ധ്യാപക ശമ്പളസമീകരണം നടപ്പിൽ വരുത്തുന്നതാണു്.

ഹോർമൈയിൽ ഡിപ്പോ

*൪൧൬. (൯൬) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഹോർമൈയിൽ ഡിപ്പോ നിറുത്തുന്നതിനു് ഗവൺമെണ്ടു് തീരുമാനിച്ചതെന്തുകൊണ്ടാണു്;

(ബി) അപ്രകാരം നിറുത്തുന്നതുകൊണ്ടു് ഗവൺമെണ്ടിനു് ലാഭമാണോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ക്ഷേത്രധാന്യങ്ങളെ സംബന്ധിച്ചിടത്തോളം മദ്ധ്യവർത്തികളെയും കുറഞ്ഞിരിക്കുന്നതു് നല്ലതാണെന്നു് ഗവൺമെണ്ടിനു് ബോദ്ധ്യപ്പെട്ടതുകൊണ്ടു്.

(ബി) അതെ.

റേഷൻ വിതരണം

*൪൧൭. (൯൭) ശ്രീ. ആർ. അച്യുതൻ: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

റേഷൻ വിതരണത്തിൽ പല പരാതികളും ഉണ്ടെന്നുള്ള വിവരം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly